Mr Speaker : Order, order, That is a different question. This is a question concerning registration and not grant.

ശ്രീ. പി. ആർ. ഫ്രാൻസിസ് : ഇൻഷ്വറൻസിനു ക്ഷണിച്ചതനുസരിച്ച് ആളുകൾ വന്നപ്പോൾ യോഗ്യതയുള്ളവരെന്നും പറഞ്ഞു ചില ആളുകളെ പ്രത്യേകം ഇൻഷ്വർ ചെയ്തതിൽ പ്രതിഷേധിച്ചു കുറെ ആളുകൾ ഇൻഷ്വർ ബഹിഷ്കരിച്ചു പോയതായി അറിയാമോ ?

ഡോക്ടർ. എ. ആർ. മേനോൻ : അതുണ്ടായിരിക്കാം. അതൊരു സ്റ്റാറ്റ്യൂട്ടറിബോഡിയാണ്. അവർക്ക് നിയമപ്രകാരം പല അധികാരങ്ങളും ഉണ്ട്. അതെങ്ങനെയാണ് കൈകാര്യം ചെയ്യേണ്ടതെന്നു ഗവണ്മെൻറ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. പി. ആർ. ഫ്രാൻസിസ് : ഇൻഷ്വറൻസിൽ ഉണ്ടായ ക്രമക്കേടുകളെപ്പറ്റി അന്വേഷിക്കുമോ ?

ഡോക്ടർ. എ. ആർ. മേനോൻ: അന്വേഷിക്കാം.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : വിഷ വൈദ്യന്മാർക്ക് ഗ്രാൻറ് കൊടുക്കുന്നുണ്ടോ ?

ഡോക്ടർ എ. ആർ. മേനോൻ : 70-80-തോളം വിഷ വൈദ്യന്മാർക്ക് ഗ്രാൻറ് കൊടുത്തിട്ടുണ്ട്.

ബസ്സ് സർവ്വീസ് നടത്തുന്ന റൂട്ടുകളിലെ റോഡുകൾ.

* 1428. [9] ശ്രീ. ആർ. ജനാർദ്ദനൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറ് ബസ്സ് സർവ്വീസ് നടത്തുന്ന റൂട്ടുകളിലെ റോഡുകൾ മറ്റു റോഡുകളെ അപേക്ഷിച്ചു കൂടുതൽ സംരക്ഷിക്കുന്നതിനു് ആ ഡിപ്പാർട്ടുമെൻറിൽനിന്നും പ്രത്യേകമായി തുക നീക്കിവയ്ക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതു് കൊല്ലംതോറും ശരാശരി എത്ര തുക നീക്കിവയ്ക്കുന്നു ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. ടി. അബ്ദുൽ മജീദ് :)

(എ) ഇല്ല.
(ബി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. ആർ. ജനാർദ്ദനൻ നായർ : ഗവണ്മെൻറിനു് ലാഭമുണ്ടാക്കുന്ന ഈ ഡിപ്പാർട്ടുമെൻറുവക ബസ്സുകളും ഓടുന്ന റോഡുകളും മോശമായി കിടക്കുന്നതുകൊണ്ട് ഗവണ്മെൻറിനു് അങ്ങനെ നഷ്ടമുണ്ടാകുന്നതായി അറിയാമോ ?

ശ്രീ. ടി. അബ്ദുൽ മജീദ് : ബസ്സുകളും ഓടുന്ന റോഡുകൾക്കു പ്രാധാന്യം കൊടുത്തു് റിപ്പയർ ചെയ്യാറുണ്ട്.

പത്തു ഉപദേശക സമിതി.

* 1429. [10] ശ്രീ. പി. ഗോപാലൻകുട്ടിനായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) ഈ സ്റ്റോറിൽ ഒരു പത്തു ഉപദേശകസമിതി രൂപീകരിക്കുവാൻ ഗവണ്മെൻറുദ്ദേശിക്കുന്നുണ്ടോ ?

(ബി) ഈ സമിതിയുടെ ഘടനയും അധികാരങ്ങളും എന്തായിരിക്കും ;

LIBRARY ARCHIVES Kerala Legislative Assembly